Draft #11 of File 31965/ACA4/IMCA/Admn-Eligibility/WP(c)No.6911 of 2023 Approved by ASSISTANT REGISTRAR I (ACADEMIC) on 25-Jul-2023 04:26 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (DIST) അങ്കമാലി - IMCA പ്രോഗ്രാം റഗുലേഷൻ നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാതിരുന്ന 2 വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും IMCA പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ Informatics Practices കൂടി ഉൾപ്പെടുത്തി റെഗുലേഷൻ ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 8058/AC A 4/2023/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 26.07.2023

---

*പരാമർശം:*-1. ഉത്തരവ് നം. 3311/AC A4/2023/എം.ജി.യു, തീയതി 22.03.2023.

2. 23.03.2023-ന് ഇമെയിൽ മുഖാന്തരം PG Board of Studies- Computer Application ചെയർമാൻ നൽകിയ റിപ്പോർട്ട്.

3. 2023 ഏപ്രിൽ മാസം 28-ന് ഓൺലൈനായി കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗത്തിന്റെ ഇനം നമ്പർ 03/31965/ACA4/IMCA/Admn Eligibility/WP(c)6911/2023.

4. 26.05.2023-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 48/31965/ACA4/IMCA/Admn Eligibility/WP(c)6911 of 2023.

5. 07.07.2023-ന് കൂടിയ സിൻഡിക്കേറ്റ് യോഗം (23.04) മിനിറ്റ്സ് ഇനം നമ്പർ 01/23.04/2300012.

**ഉത്തരവ്**

2022- 2023 അദ്ധ്യയനവർഷം IMCA പ്രോഗ്രാം യോഗ്യതാ മാനദണ്ഡത്തിൽ പരാമർശിച്ചിട്ടില്ലാത്ത Informatics Practices എന്ന വിഷയം പഠിച്ച 2 വിദ്യാർഥികൾക്ക് (Neha Elaine Abraham, Thanushree Santhosh) അങ്കമാലി ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (DIST)-ൽ പ്രവേശനം നൽകിയിരുന്നു. റെഗുലേഷൻ വ്യവസ്ഥയ്ക്ക് അനുസൃതമല്ലാത്തതിനാൽ ടി വിദ്യാർത്ഥികളുടെ IMCA പ്രവേശനം നിരസിച്ചതിനെ തുടർന്ന് ടി വിദ്യർഥികളുടെ പ്രവേശനം ക്രമീകരിച്ച് ലഭിക്കുന്നതിനും, സാധ്യമാകാത്ത പക്ഷം BCA-ലേക്ക് പ്രവേശനം മാറ്റി ലഭ്യമാക്കണമെന്ന ആവശ്യവുമായി കോളേജ് പ്രിൻസിപ്പൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(c)No.6911 of 2023 ഫയൽ ചെയ്യുകയും , 08/03/2023-ലെ വിധിന്യായം പ്രകാരം പരാതിക്കാരെ സർവകലാശാല കേൾക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു. അപ്രകാരം ഹിയറിംഗ് നടത്തിയ ശേഷം സർവകലാശാല, പരാതിക്കാരുടെ ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം 1 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

IMCA പ്രോഗ്രാമിന്റെ പ്രവേശനയോഗ്യതാ മാനദണ്ഡത്തിൽ Informatics Practices - എന്ന

വിഷയം കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10/03/02023-ന് കോളേജ് പ്രിൻസിപ്പൽ സർവകലാശാലയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ് പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസിന്റെ അഭിപ്രായത്തോടുകൂടി വിഷയം ഡീൻസ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചു. IMCA പ്രോഗ്രാമിന്റെ പ്രവേശനയോഗ്യതയിൽ Higher Secondary, CBSE +2 or equivalent programme in Science stream with the subject Informatics Practice/Computer Science ഉൾപ്പെടുത്താവുന്നതാണെന്നും ; Neha Elaine Abraham, Thanushree Santhosh എന്നീ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്താവുന്നതാണെന്നും പരാമർശം 2 പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് (Computer Application- PG) ശിപാർശ ചെയ്തു. ആയത് പരാമർശം 3 പ്രകാരം അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി പരിഗണിച്ച് അക്കാദമിക്ക് കൗൺസിലിലേക്ക് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26.05.2023-ന കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരാർശം 4 പ്രകാരം , ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. 2022-23 അദ്ധ്യയനവർഷം, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അങ്കമാലിയിൽ, IMCA പ്രോഗ്രാമിന് AICTE, സർവ്വകലാശാല റഗുലേഷനുകൾ പ്രകാരം നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ ഇല്ലാതിരുന്ന Neha Elaine Abraham, Thanushree Santhosh എന്നീ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തുന്നതിനു.
2. IMCA പ്രോഗ്രാമിന്റെ പ്രവേശനയോഗ്യത സംബന്ധിച്ച റഗുലേഷനിൽ Informatics Practices - എന്ന വിഷയം കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിനു.

മേൽ പറഞ്ഞ തീരുമാനങ്ങൾ 07.07.2023-ന കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ പരാമർശം 5 പ്രകാരം , റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി .എസ്.
2 രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി എ.
3 പ്രിൻസിപ്പൽ, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (DIST) അങ്കമാലി.
4 AR / DR / JR (അക്കാദമിക്/പരീക്ഷ )
5 ഇ ഐ 14/Ac A9/IT Cell 1&2

Draft #11 of File 31965/ACA4/IMCA/Admn-Eligibility/WP(c)No.6911 of 2023 Approved by ASSISTANT REGISTRAR I (ACADEMIC) on 25-Jul-2023 04:26 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6 PRO സെക്ഷൻ/Website/ റെക്കോർഡ് സെക്ഷൻ.

7 ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ.

8 Action Taken Report

Draft #11 of File 31965/ACA4/IMCA/Admn-Eligibility/WP(c)No.6911 of 2023 Approved by ASSISTANT REGISTRAR I (ACADEMIC) on 25-Jul-2023 04:26 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം